Civil Services (Main)
Examination- 2025

**SLPM-U-MLY**

# മലയാളം / MALAYALAM

## പേപ്പർ I / Paper I

## (സാഹിത്യം) / (LITERATURE)

| | |
|---|---|
| സമയം : **മൂന്നു മണിക്കൂർ** | പരമാവധി മാർക്ക് : **250** |
| *Time Allowed : **Three** Hours* | *Maximum Marks : **250*** |

---

### ചോദ്യപേപ്പർ പ്രത്യേകനിർദ്ദേശങ്ങൾ

**ചോദ്യങ്ങൾക്കു് ഉത്തരമെഴുതുന്നതിനുമുൻപായി താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക :**

ആകെ **എട്ടു**ചോദ്യങ്ങളാണുള്ളത്. ഇവയെ **രണ്ടുഭാഗങ്ങളായി** തിരിച്ചിരിക്കുന്നു.

പരീക്ഷാർത്ഥികൾ ഇരുവിഭാഗങ്ങളിൽനിന്നുമായി **അഞ്ചു**ചോദ്യങ്ങൾക്കു് ഉത്തരമെഴുതേണ്ടതാണ് .

**ഒന്നാമത്തെയും അഞ്ചാമത്തെയും** ചോദ്യങ്ങൾക്ക് നിർബ്ബന്ധമായും ഉത്തരമെഴുതേണ്ടതാണ്.

ശേഷിക്കുന്ന ഏതെങ്കിലും **മൂന്നു**ചോദ്യങ്ങൾക്കു് ഉത്തരമെഴുതേണ്ടതിൽ ഇരുവിഭാഗത്തിൽനിന്നും കുറഞ്ഞത് **ഒരു**ചോദ്യത്തിനുള്ള ഉത്തരമെങ്കിലുമുണ്ടായിരിക്കണം.

ഓരോചോദ്യത്തിനും/വിഭാഗത്തിനും ഉള്ള മാർക്കുകൾ അതാതിന്റെ നേർക്കു് രേഖപ്പെടുത്തിയിട്ടുണ്ട്.

ഉത്തരങ്ങൾ **മലയാളത്തിൽ (മലയാളംലിപിയിൽ)** തന്നെ എഴുതണം.

ചോദ്യങ്ങൾക്ക് ഉത്തരമെഴുതുമ്പോൾ വാക്കുകളുടെ എണ്ണത്തിന്റെ പരിധി നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ അതു പാലിക്കേണ്ടതാണ്.

ചോദ്യങ്ങൾക്കുള്ള ഉത്തരം അനുക്രമമായിട്ടെഴുതിയാൽ മാത്രമേ പരിഗണിക്കുകയുള്ളൂ. ഉത്തരം അപൂർണ്ണമാണെങ്കിൽപ്പോലും വെട്ടിയിട്ടില്ലെങ്കിൽ അതിനെ ഉത്തരമായിട്ടു കണക്കാക്കുന്നതാണ്. ചോദ്യവും ഉത്തരവുമടങ്ങുന്ന ബുക്ക്‌ലെറ്റിൽ എഴുതാത്ത ഭാഗങ്ങളും പുറങ്ങളും വെട്ടിക്കളയാൻ ശ്രദ്ധിക്കേണ്ടതാണ്.

### Question Paper Specific Instructions

***Please read each of the following instructions carefully before attempting questions :***

*There are **EIGHT** questions divided in **TWO SECTIONS**.*

*Candidate has to attempt **FIVE** questions in all.*

*Question nos. **1** and **5** are compulsory and out of the remaining, any **THREE** are to be attempted choosing at least **ONE** question from each section.*

*The number of marks carried by a question / part is indicated against it.*

*Answers must be written in **MALAYALAM (Malayalam script)**.*

*Word limit in questions, wherever specified, should be adhered to.*

*Attempts of questions shall be counted in sequential order. Unless struck off, attempt of a question shall be counted even if attempted partly. Any page or portion of the page left blank in the Question-cum-Answer Booklet must be clearly struck off.*

---

## SECTION A

**Q1. എല്ലാചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഒരോ ഉത്തരവും നൂറ്റിയമ്പതുവാക്കുകളിൽ കവിയരുത്.** *10×5=50*

(a) പുരുഷഭേദനിരാസം സംബന്ധിച്ച വിവിധ വാദമുഖങ്ങൾ ക്രോഡീകരിക്കുക. *10*

(b) വടക്കൻപാട്ടുകൾ മലയാളഭാഷയുടെ വികാസപരിണാമത്തിന്റെ ഏതു ഘട്ടത്തെ പ്രതിനിധാനം ചെയ്യുന്നുവെന്ന് സോദാഹരണം വിശദമാക്കുക. *10*

(c) നവമാദ്ധ്യമഭാഷയുടെ പ്രത്യേകതകൾ മലയാള ഭാഷയുടെ ആധുനികനിലയെ സ്വാധീനിക്കുന്നതെങ്ങനെ ? *10*

(d) ഭരണഭാഷയുടെ പ്രാക്തനനില ഭാഷാ കനടലീയത്തെ ഉദാഹരണമാക്കി വിശകലനം ചെയ്യുക. *10*

(e) സംബന്ധികാവിഭക്തിപ്രത്യയത്തിന്റെ രൂപപരിണാമം ഭാഷോല്പത്തിവാദത്തിൻ പ്രസക്തമാകുന്നുണ്ടോ ? *10*

**Q2. താഴെകൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.**

(a) രാമചരിതഭാഷയെയും കൃഷ്ണഗാഥാഭാഷയെയും ബന്ധിപ്പിക്കുന്ന കണ്ണി എന്ന നിലയിൽ നിരണംകവിതകളെ പരിഗണിക്കാനാകുമോ ? *20*

(b) ചമ്പുക്കളുടെയും ആട്ടക്കഥകളുടെയും രംഗഭാഷാവഴക്കം ചർച്ച ചെയ്യുക. *15*

(c) അനുനാസികാതിപ്രസരവും താലവ്യാദേശവും സന്ധിവികാരം മാത്രമാണോ ? കേരളപാണിനീയത്തെ മുൻനിറുത്തി പരിശോധിക്കുക. *15*

Q3. താഴെകൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.

(a) ലീലാതിലകത്തിലെ 'കൂന്തൽവാദ'ത്തിനു ഭാഷോല്പത്തിപഠനത്തിലുള്ള പ്രാധാന്യമെന്തു് ? 20

(b) മലയാളഗദ്യഭാഷാവികാസത്തിൽ മിഷണറിമാരുടെ സംഭാവനകൾ വിലയിരുത്തുക. 15

(c) പാനപ്പാട്ടുകൾ മലയാളത്തിലെ നാടോടിവഴക്കവുമായി ഇണങ്ങുന്നതാണോ ? 15

Q4. താഴെകൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.

(a) ഭാഷയെ ജനകീയമാക്കുന്നതിൽ 'കൃഷ്ണഗാഥ' വഹിച്ച പങ്ക് വിശദമാക്കുക. 20

(b) 'അറബിമലയാളം' – വംശീയഭാഷാവഴക്കമെന്ന നിലയിൽ ഇതിന്റെ പ്രസക്തി നിർണ്ണയിക്കുക. 15

(c) ശാസ്ത്രസാങ്കേതികവിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിൽ മലയാളഭാഷ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെന്തെല്ലാം ? 15

## SECTION B

**Q5. എല്ലാചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഒരോ ഉത്തരവും നൂറ്റിയമ്പതുവാക്കുകളിൽ കവിയരുത്.** *10×5=50*

(a) കാവ്യത്തെ വിനോദമായി മാത്രം കണ്ടവരാണ്‌ വെണ്മണിക്കവികളെന്ന ആരോപണത്തിന്റെ നിജസ്ഥിതി പരിശോധിക്കുക. *10*

(b) സംസ്കൃതസാഹിത്യസങ്കേതങ്ങളുടെ തനിയാവർത്തനം മാത്രമായിരുന്നു മലയാളത്തിലെ മഹാകാവ്യപ്രസ്ഥാനമെന്നതു ശരിയാണോ ? *10*

(c) ജീവിതത്തിന്റെ ദാർശനികാവിഷ്കാരങ്ങളായിരുന്നു ഒ.വി. വിജയന്റെ നോവലുകൾ - വിശദമാക്കുക. *10*

(d) കാല്പനികതാതിപ്രസരം ചങ്ങമ്പുഴക്കവിതകളെ ജീവിതയാഥാർത്ഥ്യങ്ങളിൽനിന്നു അകറ്റുന്നുവെന്ന നിരീക്ഷണത്തിന്റെ സാംഗത്യമെന്തു് ? *10*

(e) ഭക്തിയുടെ ഉദാത്താവിഷ്കാരങ്ങളെന്ന നിലയിൽ നിരണംകവിതകൾ വേറിട്ടുനില്ക്കുന്നു – ശരിയോ ? *10*

**Q6. താഴെകൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.**

(a) കാല്പനികതയുടെ പോരായ്മകളെ തിരുത്തിനവജീവിതമാതൃക അടയാളപ്പെടുത്തിയ കവിയെന്ന വിശേഷണം ഇടശ്ശേരിക്കു നല്കാനാകുമോ ? *20*

(b) വാങ്മയസാഹിത്യമെന്ന നിലയിൽ പഴഞ്ചൊല്ലുകളുടെ പ്രത്യേകതകളെന്തെല്ലാം ? *15*

(c) അസ്തിത്വപ്രശ്നം നേരിടുന്ന മലയാളമനസ്സിന്റെ സ്വത്വാവിഷ്കാരങ്ങളായിരുന്നു എം.ടി. യുടെ കഥകൾ - ശരിയോ ? *15*

Q7. താഴെകൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.

(a) സംസ്കൃതസാഹിത്യസംസ്കാരം മലയാളത്തിലേയ്ക്കു പകർത്തുന്നതിൽ മണിപ്രവാളകവിതകൾ വഹിച്ച പങ്കെന്തു് ? *20*

(b) മലയാള കവിതാസാഹിത്യത്തിൽ ആധുനികത വരുത്തിയ മാറ്റങ്ങളെന്തെല്ലാം ? *15*

(c) മലയാളനാടകത്തിന് കാവാലം നാരായണപ്പണിക്കർ ചെയ്ത സംഭാവനകൾ വിശദമാക്കുക. *15*

Q8. താഴെകൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.

(a) നവോത്ഥാനകാലചിന്തകൾക്കു കവിത്രയം നല്കിയ സംഭാവനകളെന്തെല്ലാം ? *20*

(b) 'ഭക്തിയിലൂടെ മുക്തി' എന്ന സമീപനം അദ്ധ്യാത്മരാമായണം കിളിപ്പാട്ടിനെ കൂടുതൽ ജനകീയമാക്കിയെന്നു കരുതാമോ ? *15*

(c) സൂക്ഷ്മവും കൃത്യവും കർക്കശവുമാണു് കുട്ടികൃഷ്ണമാരാരുടെ വിമർശനസ്വഭാവം-ഭാരതപര്യടനത്തെ ഉദാഹരണമാക്കി പരിശോധിക്കുക. *15*